**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1041** **02-02-2026 - ൽ മറുപടിയ്ക്ക്**

**ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | **ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വെള്ളാമക്കുത്ത് ചെക്ക് ഡാമിന്റെ പുനർ നിർമ്മാണവും സംരക്ഷണ ഭിത്തിയുടെ നിർമ്മാണവും തടിക്കുളം ചെക്ക് ഡാമിന്റെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണവും ചെക്ക് ഡാമിന്റെ അറ്റകുറ്റപ്പണികളും പൂർത്തിയാക്കിയിട്ടുണ്ട്. പണിക്കൻകുത്ത് വി.സി.ബി യുടെ മുകൾ ഭാഗത്തെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. റാത്തപ്പിള്ളി ചെക്ക് ഡാമിന്റെ അറ്റകുറ്റപ്പണികളും, പണിക്കൻകുത്ത് വി.സി.ബിയുടെ നിർമ്മാണവും പുരോഗമിക്കുന്നു. പെരിയാർ പുഴയിലുള്ള പമ്പ് ഹൗസിന്റെ നിർമ്മാണ പ്രവൃത്തികൾ ഒക്ടോബർ-നവംബർ മാസങ്ങളിൽ മാത്രമേ നടത്തുവാൻ സാധിക്കുകയുള്ളൂ. ടി സമയത്ത് പമ്പ് ഹൗസിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും 15% പൂർത്തീകരിക്കുകയും ചെയ്തപ്പോൾ ഭൂതത്താൻകെട്ട് ഡാമിന്റെ എല്ലാ ഷട്ടറുകളും അടച്ചതിനാൽ പെരിയാറിലെ പണികൾ നിർത്തിവയ്ക്കേണ്ടി വന്നു. കൂടാതെ നിലവിലെ സൈറ്റ് കണ്ടിഷൻ പ്രകാരം പമ്പ് ഹൗസിന്റെ ഡിസൈനിൽ മാറ്റങ്ങൾ ആവശ്യമായി വന്നതിനാൽ പുതുക്കിയ IDRB design പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. പമ്പ് ഹൗസിന്റെ നിർമ്മാണ പ്രവൃത്തികൾ പെരിയാറിലെ ജലനിരപ്പ് താഴുന്ന മുറയ്ക്ക് ആഗസ്റ്റ് മാസത്തിൽ മാത്രമേ പുനരാരംഭിക്കുവാൻ സാധിക്കുകയുള്ളൂ.** |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് വകുപ്പിലേക്ക് അടക്കാനുള്ള തുക അടച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | **കവളങ്ങാട് പഞ്ചായത്തിലെ ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്ക് Stage II Forest Clearance ലഭിക്കുന്നതിനായി ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിലേക്ക് അടയ്ക്കേണ്ട തുകയായ ₹40,39,000/- രൂപ ഭരണാനുമതി ഉത്തരവിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പ്രസ്തുത ഉത്തരവ് പുതുക്കേണ്ടതുണ്ട്. മേൽ തുക അടയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഫോറസ്റ്റ്** |

| | | | |
|---|---|---|---|
| | | | **ഡിപ്പാർട്ട്മെന്റിന്റെ അഭ്യർത്ഥനകത്ത് സർക്കാരിൽ ലഭ്യമാക്കുവാനും അതോടൊപ്പം ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ O&M Cost ന്റെ 50% തുക കണക്കുകൂട്ടി റിപ്പോർട്ട് ലഭ്യമാക്കുവാനും ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിലേക്ക് അടയ്ക്കേണ്ട തുകയായ ₹40,39,000/- രൂപ ഉൾപ്പെടെ ഇലക്ട്രിക്കൽ മെക്കാനിക്കൽ പ്രവൃത്തികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് DSR 2021 പ്രകാരം തയ്യാറാക്കി വരുന്നു.** |
| (സി) | പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | **പദ്ധതിയുടെ ടെണ്ടർ ചെയ്ത സിവിൽ പ്രവൃത്തിയിൽ 55% പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ